


**സമൂഹത്തിലെ എല്ലാ വിഭാഗക്കാർക്കും ഗുണകരമാകുന്ന ഒന്ന് എന്ന സങ്കൽപ്പത്തിൽ നിന്നും ആധിപത്യമുള്ള മദ്ധ്യവർഗത്തിന്റെ ജീവിതസൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നതിലേക്ക് വികസന സങ്കൽപ്പത്തെ അട്ടിമറിച്ച നേതാവാണ് കരുണാകരനെന്ന്**

**സി.ആർ നീലകണ്ഠൻ**

# വികസനം കരുണാകരൻ സ്റ്റൈൽ

മുൻ മുഖ്യമന്ത്രി കെ.കരുണാകരനെ ലീഡർ എന്നാണ് എല്ലാവരും വിളിക്കാറ്. എന്നാൽ ഒട്ടനവധി പേർ അദ്ദേഹത്തെ വികസന നായകൻ എന്നും വിളിക്കാറുണ്ട്. എന്തുകൊണ്ടാണിത്? ആഗോള പ്രശസ്തിനേടിയ കേരള വികസന മാതൃക സാമൂഹ്യശ്രദ്ധയിൽ ഇടം നേടിയ 1970കളുടെ തുടക്കത്തിലാണ് കെ. കരുണാകരൻ കേരള രാഷ്ട്രീയത്തിലെ നിർണ്ണായക വ്യക്തിയാകുന്നത്. (അതിനു മുമ്പ് പനമ്പിള്ളി ഗോവിന്ദമേനോനടക്കം നിരവിധി പേർ കോൺഗ്രസ്സിന്റെ സംസ്ഥാനതല നേതാക്കളായി അറിയപ്പെട്ടിരുന്നു. കരുണാകരന് രണ്ടാം നിരയിലായിരുന്നു സ്ഥാനം.) ഉയർന്ന പ്രതിശീർഷക വരുമാനമില്ലാതെ, മൂലധന മുടക്കമില്ലാതെ മാനവിക വികസന സൂചകങ്ങളിൽ (ശിശുമരണ നിരക്ക്, ഗർഭിണികളുടെ മരണനിരക്ക്, ശരാശരി ആയുർദൈർഘ്യം, സാക്ഷരത, സ്കൂളിൽ പോകുന്ന കുട്ടികളുടെ ശതമാനം തുടങ്ങിയവയിൽ) ലോകത്തിലെ മുൻനിര വികസന സമൂഹങ്ങൾക്കൊപ്പം കേരളമെങ്ങനെയെത്തിയെന്നതാണ് കേരള വികസന മാതൃകയെ അത്ഭുതമാക്കുന്നത്. സർക്കാർ ഇടപെട്ട് പ്രാഥമിക ജീവിതത്തിന് അനിവാര്യമാവയെല്ലാം (പൊതു ഉടമസ്ഥതയിൽ)ജനങ്ങൾക്കെല്ലാം ലഭ്യമാക്കിയതാണിതിനു കാരണമെന്നു വ്യക്തമായിരിക്കുന്നു. അതിൽ പൊതുവിതരണം, പൊതു ആരോഗ്യ, വിദ്യാഭ്യാസ സംവിധാനങ്ങൾ മുതലായവയെല്ലാം പെടും. ഇതും തനിയെ ഉണ്ടായതല്ല.

19ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതി മുതൽ നടന്നുവന്ന നവോത്ഥാന മുന്നേറ്റങ്ങളും തുടർന്നുണ്ടായ ദേശീയ - തൊഴിലാളി- കർഷക മുന്നേറ്റങ്ങളും വായനാശാലകളടക്കമുള്ള പൊതുസാംസ്കാരിക സ്ഥാപനങ്ങളും ഇതിലേക്ക് കേരളത്തെ എത്തിക്കുകയായിരുന്നു. ഉൽപാദന വർദ്ധനവല്ല, വിതരണത്തിലെ നീതിയാണ് സാമൂഹ്യവികസനത്തിനാധാരം എന്നതാണ് ഇതിനർത്ഥം. പൊതുപ്രവർത്തനമാണ് കേരള വികസനം സാധ്യമാക്കിയതെന്ന് അമർത്യസെന്നിനെപ്പോലുള്ളവർ മുമ്പേ പറഞ്ഞിട്ടുണ്ട്. സമത്വവും സാമൂഹ്യനീതിയും സമൂഹത്തിന്റെ പൊതുബോധമായി മാറിയത് ഇങ്ങനെയാണ്. ഭൂമി, വിദ്യാഭ്യാസം തുടങ്ങിയവയിലെ പരിഷ്ക്കരണങ്ങളും ഇതിന്റെ ഫലമായുണ്ടായതാണ്. ഈ ഇടതുപക്ഷ ജനപക്ഷ നിലപാടുകളെ അതിശക്തമായി എതിർക്കുന്ന ഒരു രാഷ്ട്രീയധാരയും കേരളത്തിലുണ്ടായിരുന്നു. ഇടതുപക്ഷമെന്നവകാശപ്പെട്ടിരുന്നവർതന്നെ ഈ മാതൃക എങ്ങനെ വളരണമെന്ന വ്യക്തിപരമായ ധാരണയുള്ളവരുമായിരുന്നുമില്ല. വിമോചന സമ

രം വലതുപക്ഷത്തിന്റെ താൽക്കാലിക വിജയമായിരുന്നെങ്കിലും (കോൺഗ്രസ് വിരുദ്ധമുന്നണിയായി ഇടതുപക്ഷം 1967-ൽ തിരിച്ചു വന്നെങ്കിലും) ആ സമരത്തിലൂടെ കേരളത്തിന് ഇടതുപക്ഷ അജണ്ട നഷ്ടപ്പെടുകയായിരുന്നു. പിന്നീട് അധികാരമേറ്റ ഇടതുപക്ഷ സർക്കാരിനും കാര്യമായിട്ടു മുന്നോട്ടു പോകാനായില്ല. എന്നാൽ കക്ഷി രാഷ്ട്രീയ തന്ത്രത്തിൽ കോൺഗ്രസ് പരാജയപ്പെട്ടു. 133ൽ വെറും 9 സീറ്റിലേക്കവർ ഒതുങ്ങി. ഈ ചെറിയ സംഘത്തിന്റെ നേതാവായാണ് കരുണാകരൻ ശ്രദ്ധയിലേക്കു വരുന്നത്.

കേരള രാഷ്ട്രീയത്തിലും സമൂഹത്തിലും നിർണ്ണായകമായ ദിശാമാറ്റങ്ങൾ ഉണ്ടായ പതിറ്റാണ്ടായിരുന്നു 1970കൾ. ആ മാറ്റങ്ങളിൽ കരുണാകരന്റെ പങ്കും നിർണ്ണായകമായിരുന്നു. അന്ന് വലതുപക്ഷത്തിനും ഇടതുപക്ഷ മുഖം ഉണ്ടെങ്കിലേ പിടിച്ചു നിൽക്കാനാകൂവെന്ന് കരുണാകരൻ തിരിച്ചറിഞ്ഞു. മറുവശത്ത് ഭരണം നിലനിർത്താൻ സി.പി.എമ്മും ഇടതുപക്ഷനയങ്ങളിൽ ധാരാളം വെള്ളം ചേർത്തു. വലത് അൽപം ഇടത്തോട്ടും ഇടത് അൽപ്പം വലത്തോട്ടും നീങ്ങി ഒരു സമരേഖയിലെത്തുന്ന പ്രക്രിയ നടന്നത് ഇക്കാലത്താണ്. ഭൂപരിഷ്ക്കരണത്തിന്റെ അട്ടിമറിയാണ് ആദ്യം സംഭവിച്ചത്. 1970 മുതൽ നടപ്പിലാക്കിയെന്നു പറയുന്ന ഭൂപരിഷ്ക്കരണത്തിൽ 'കർഷകനു കൃഷി ഭൂമി' യെന്ന മുദ്രാവാക്യം മാറി മണ്ണിൽ പണിയെടുക്കുന്നവരല്ല, എടുപ്പിക്കുന്ന കർഷകമുതലാളിമാരാണ് കർഷകർ എന്നായി. പണിയെടുക്കുന്നവർ കർഷക തൊഴിലാളി മാത്രം. പ്രധാനമായും ദളിതരായ ഇവർക്ക് കൃഷിഭൂമിയില്ല, പകരം അഞ്ചും പത്തും സെന്റ് കുടികിടപ്പു മാത്രം. ഇതു കേരളത്തിലുണ്ടാക്കിയ പ്രത്യാഘാതങ്ങൾ വളരെ വലുതാണ്. (അതിവിടെ ചർച്ച ചെയ്യുന്നില്ല). നമുക്ക് കേരളസമൂഹത്തിലേക്ക് വരാം. പൊതു വിദ്യാഭ്യാസവും സർക്കാർ ജോലിയും പൊതു ആരോഗ്യസംവിധാനങ്ങളും പൊതുവിതരണവും വഴി രൂപപ്പെട്ട പുതിയ മദ്ധ്യവർഗസമൂഹം കേരളത്തിൽ നിർണ്ണായകമായി. ഇതിൽ ഗൾഫ് പണവും നാണ്യവിളവരുമാനവും മാ

**കാർട്ടൂൺ** **വി.എസ്. ഗിരീശൻ**




റ്റം വഹിച്ച പങ്കും പ്രധാനമാണ്. ഈ പുതിയ മദ്ധ്യവർഗത്തിനുമേൽ സ്വാധീനംനേടാനുള്ള മത്സരമാണ് 1980 കൾ മുതൽ നാം കാണുന്നത്. പ്രാദേശിക-അഖിലേന്ത്യാ സാഹചര്യങ്ങൾ ഇതിനായി കരുണാകരൻ സമർത്ഥമായി ഉപയോഗിച്ചു. ഇന്ദിരാഗാന്ധിയുടെ നയങ്ങളിൽ പ്രതിഷേധിച്ച് ഒട്ടനവധി പ്രഗത്ഭ നേതാക്കൾ കോൺഗ്രസ് വിട്ടതും കരുണാകരനു നേട്ടമായി. പ്രത്യയശാസ്ത്രമല്ല, അധികാരമാണ് പ്രായോഗിക രാഷ്ട്രീയത്തിൽ പ്രധാനമെന്നു വളരെ നേരത്തെ കരുണാകരൻ തിരിച്ചറിഞ്ഞു. ഇടതുപക്ഷ സോവിയറ്റ് അനുകൂല നിലപാടോടെ ഇന്ദിരാഗാന്ധി കോൺഗ്രസിനെ പിളർത്തിയതിന്റെ തുടർച്ചയായി ഇടതുപക്ഷത്തെ അസംതൃപ്തരായ സി.പി.ഐ, ആർ.എസ്.പി എന്നീ കക്ഷികളെ പാട്ടിലാക്കി കരുണാകരൻ കേരളത്തിൽ അധികാരം പിടിച്ചു. യൂത്ത് കോൺഗ്രസ്സിനെ ഒരു പുരോഗമന മുഖത്തോടെ വളർത്തി. കേരളത്തിലെ എല്ലാ സാമുദായിക പ്രസ്ഥാനങ്ങളെയും വിശ്വാസത്തിലെടുത്തു. ഒരേ സമയം വലതുപക്ഷവും ഇടതുപക്ഷവുമായ വികസന രാഷ്ട്രീയ നയങ്ങൾ നടപ്പിലാക്കിയതാണ് കരുണാകരതന്ത്രം. കമ്യൂണിസ്റ്റായ അച്യുതമേനോനെ മുഖമാക്കി നിർത്തിയാണ് ഏഴ് വർഷക്കാലം കരുണാകരൻ കേരളം ഭരിച്ചത്. ഇടതുപക്ഷ രാഷ്ട്രീയമെന്നാൽ എന്താണെന്നു തിരിച്ചറിയാനാവാത്ത വിധം മാറ്റി മറിച്ചു. പൊതുസ്ഥാപനങ്ങളെ തകർക്കലും സർക്കാർ ഉദ്യോഗസ്ഥർ മുതൽ ചുമട്ടുതൊഴിലാളി വരെയുള്ള സംഘടിത പ്രസ്ഥാനങ്ങളെയെല്ലാം നശിപ്പിക്കലും കരുണാകരന്റെ നയമായിരുന്നു. ഏറെ പുരോഗമന പരമെന്ന് പറഞ്ഞ് നടപ്പിലാക്കിയ കോളേജ് അദ്ധ്യാപകർക്കുള്ള ശമ്പളം നേരിട്ട് നൽകലും മറ്റും കൃത്യമായും വലതുപക്ഷത്തെ തൃപ്തിപ്പെടുത്തുന്നവയായിരുന്നു. പൊതു-സർക്കാർ സംവിധാനങ്ങൾക്കുപകരം ഗുണനിലവാരമുള്ള സ്വകാര്യ സ്ഥാപനങ്ങൾ വരുന്നതിനെ സ്വാഗതം ചെയ്യുന്ന വലിയൊരു വിഭാഗം സമൂഹത്തിൽ രൂപപ്പെട്ടു. ഇവർ കൃത്യമായും അരാഷ്ട്രീയവൽകൃതരായിരുന്നു.

ഇവരുടെ കക്ഷിരാഷ്ട്രീയം പ്രത്യയശാസ്ത്രരഹിതമായിരുന്നു. അഥവാ ഇടതുപക്ഷ മുഖംമൂടിയുള്ള വലതുപക്ഷ നയങ്ങളായിരുന്നു. അച്യുതമേനോനെ മുന്നിൽ നിർത്തി കരുണാകരൻ ഭരിച്ച അടിയന്തിരാവസ്ഥയടക്കമുള്ള കാലത്താണ് ഇന്നത്തെ കേരളത്തിന്റെ മൂശ രൂപപ്പെട്ടത് എന്നർത്ഥം. ഇടതുപക്ഷത്തിന്റെ പ്രതിരോധം തീർത്തും ദുർബലമായി. ആ ദശകം ( 70കൾ) അവസാനിക്കു

മ്പോഴേക്കും വലിപ്പവ്യത്യാസമില്ലാത്ത രണ്ടുമുന്നണികളായി കേരളരാഷ്ട്രീയം വഴിമാറി.

വികസനമെന്നാൽ സമൂഹത്തിലെ എല്ലാ വിഭാഗക്കാർക്കും ഗുണകരമാകുന്ന ഒന്ന് എന്ന സങ്കൽപം അപ്രത്യക്ഷമായി. മറിച്ച് ആധിപത്യമുള്ള മദ്ധ്യവർഗത്തിന്റെ ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയെന്നതായി. വൻതോതിൽ മൂലധനമുള്ള വൻകിട പദ്ധതികളില്ലാതെ വികസനം സാധ്യമല്ലായെന്നിടത്ത് നാമെത്തി. അൽപസ്വൽപം അഴിമതിയൊക്കെയുണ്ടായാലും 'എന്തെങ്കിലുമൊക്കെയുണ്ടാകുന്ന' വികസനത്തെ സ്വാഗതം ചെയ്യുന്ന സമൂഹമായി. മൂലധന കേന്ദ്രീകൃതവും വലതുപക്ഷാധിഷ്ഠിതവുമായ ഈ വികസനത്തെ ഒരു 'രക്ഷാകർതൃ' സ്വഭാവത്തിലേക്കു മാറ്റുക എളുപ്പമായിരുന്നു. പൊതു സമ്പത്ത് സാമൂഹ്യനീതിയുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുകയെന്നതല്ല, ഓരോ നേതാവിന്റെയും സ്വാധീനമനുസരിച്ച് പൊതുവിഭവം കൊണ്ടുള്ള വികസനം 'നേടിയെടുക്കലാണ് ' ശരിയെന്നായി. ഇത് വികസനത്തെ ഏറെ അസന്തുലിതമാക്കി. നേതാവും അണികളും തമ്മിൽ എത്രത്തോളം വ്യക്തിബന്ധമുണ്ടോ അത്രയും നാണംകെട്ട അവസ്ഥയുണ്ടാക്കിയത് കരുണാകരനാണ്. ആശ്രിതവാത്സല്യമെന്ന ജന്മിത്വകാലഘട്ടത്തെ ഗുണമാണിതിന് സഹായകമായത്. ആശ്രിതരെ സംരക്ഷിക്കലും എതിരാളികളെ ഇല്ലാതാക്കലും ഒരു രാഷ്ട്രീയനേതാവിന്റെ ധർമ്മമായിപ്പോലും നാം കാണാൻ തുടങ്ങി. ഇതാണ് കരുണാകരൻ മാതൃക. സ്വന്തം നിയോജകമണ്ഡലത്തിലേക്ക് പരമാവധി സമ്പത്തും പദ്ധതികളും കൊണ്ടുവരികയെന്നത് സാമാജികരുടെ ശേഷിയുടെ അളവുകോലായി. മുഖ്യമന്ത്രിയായെങ്കിലും പരമാവധി സമ്പത്ത് (റോഡ്, ബസ്, ആഫീസ്, തൊഴിൽ തുടങ്ങിയവ) ഒരു നിയോജകമണ്ഡലത്തിൽ ആനുപാതികമല്ലാത്ത വിധം ഉപയോഗിക്കുന്നത് വലിയ അസന്തുലിതാവസ്ഥ സൃഷ്ടിച്ചു. എന്നാൽ ഇതാണിപ്പോൾ എല്ലാ സാമാജികർക്കും മാതൃകയാക്കിയിരിക്കുന്നത്.

കരുണാകരന്റെ രണ്ടു പ്രധാന നേട്ടങ്ങളായി പലരും ചൂണ്ടിക്കാട്ടുന്ന കൊച്ചിയിലെ രണ്ടു പദ്ധതികൾ പരിശോധിക്കാം. അന്താരാഷ്ട്ര സ്റ്റേഡിയവും വിമാനത്താവളവുമാണവ. ഇപ്പോൾ കൊച്ചി സ്റ്റേഡിയം വീണ്ടും ചർച്ചയായത്. ക്രിക്കറ്റ് കളിയുമായി ബന്ധപ്പെട്ടാണ്.അതിന്റെ നിർമ്മാണത്തകരാറുകളോ അഴിമതിയോ എല്ലാം എല്ലാവരും മറന്നുകഴിഞ്ഞിരിക്കുന്നു. കൊച്ചിയിലെ ജലവിതരണം മെച്ചപ്പെടുത്താൻ വേണ്ട അടിസ്ഥാനപ്രവർത്തനങ്ങൾക്കായി സർക്കാർ വാങ്ങിയിരുന്ന സ്ഥലത്താണ് സ്റ്റേഡിയം നിർമ്മിച്ചതെന്നതു തന്നെ കരുണാകരന്റെ വികസന മുൻഗണനകൾ വ്യക്തമാക്കുന്നു. നെടുമ്പാശ്ശേരിയിലെ ഗോൾഫ് ക്ലബും ഇപ്പോൾ ഏറെ വിവാദമായിരിക്കുന്ന ഇടക്കൊച്ചിയിലെ ഐ.പി. എൽ സ്റ്റേഡിയവും കൃത്യമായും കരുണാകരൻ കൊണ്ടുവന്ന വികസന പാതയിൽത്തന്നെയാണ്. കലൂർ സ്റ്റേഡിയത്തിന്റെ രൂപകൽപ്പനയിൽ തന്നെ പ്രശ്നങ്ങളുണ്ട്. കണക്കാക്കിയിരുന്നതിന്റെ ഇരട്ടിയിലധികം ചിലവാക്കിയിട്ടും ലക്ഷ്യമിട്ടതിന്റെ പാതിപോലും പണിതീർത്തിട്ടില്ല.ഇതും കരുണാകരതന്ത്രം തന്നെ. തുടക്കത്തിൽ പ്രതീക്ഷിക്കുന്ന ചിലവു കുറച്ചുകാണിച്ച് പദ്ധതി അംഗീകാരം നേടി പണി തുടങ്ങിയാൽ എസ്റ്റിമേറ്റ് പലമടങ്ങാകും. ഇത് വൻ അഴിമതിക്ക് സഹായകമാകുന്നു. നൂറുകണക്കിനു കോടിരൂപ സംസ്ഥാന ഖജനാവിനു നഷ്ടമായി. ഇപ്പോഴും അതു തുടരുന്നു. മഴ പെയ്താൽ വൻ വെള്ളക്കെട്ടാണ്. ഇതെല്ലാം മറച്ചുപിടിക്കാൻ കരുണാകരനായി. അതൊരു വൻ വികസനവുമായി.

**കലൂർ സ്റ്റേഡിയത്തിന്റെ രൂപകൽപ്പനയിൽ തന്നെ പ്രശ്നങ്ങളുണ്ട്. കണക്കാക്കിയിരുന്നതിന്റെ ഇരട്ടിയിലധികം ചിലവാക്കിയിട്ടും ലക്ഷ്യമിട്ടതിന്റെ പാതിപോലും പണിതീർത്തിട്ടില്ല. ഇതും കരുണാകരതന്ത്രം തന്നെ. തുടക്കത്തിൽ പ്രതീക്ഷിക്കുന്ന ചിലവു കുറച്ചുകാണിച്ച് പദ്ധതി അംഗീകാരം നേടി പണി തുടങ്ങിയാൽ എസ്റ്റിമേറ്റ് പലമടങ്ങാകും. ഇത് വൻ അഴിമതിക്ക് സഹായകമാകുന്നു.**

ആഗോളീകരണ കാലത്തെ വികസന കാഴ്ചപ്പാടിലേക്ക് കേരളത്തെ എത്തിച്ചത് കരുണാകരനാണെന്ന് നിശ്ചയമായും പറയാം. 1980 മുതൽ വ്യക്തമായ രണ്ടുമുന്നണികൾ മാറിമാറി ഭരിക്കുന്ന കേരളത്തിൽ മുന്നണികൾക്കതീതമായി ഒരു വികസന നയം നിർമ്മിച്ചത് കരുണാകരനാണ്. നെടുമ്പാശ്ശേരി വിമാനത്താവളം ഇതിന് നല്ലൊരു ഉദാഹരണമാണ്. കരുണാകരനെ നിശിതമായി വിമർശിച്ചവർ അധികാരമേറ്റപ്പോൾ വിമാനത്താവളത്തിന്റെ നടത്തിപ്പുകാരായില്ലേ ? എന്തുരീതിയിലായാലും 'കാര്യങ്ങൾ ഭംഗിയായി' നടത്താൻ ഉദ്യോഗസ്ഥരെ കണ്ടെത്താൻ കരുണാകരനുള്ള കഴിവ് അപാരമായിരുന്നു. ഇത്തരക്കാർക്ക് എല്ലാ പിന്തുണയും അധികാരവും നൽകുന്നു. അവർ സമ്പൂർണ്ണ ആശ്രിതരാണെന്ന് ഉറപ്പാക്കിയായിരിക്കും. അവർ ചെയ്യുന്ന എല്ലാ തെറ്റുകളേയും ന്യായീകരിച്ച് അവരെ സംരക്ഷിക്കുന്നു. എത്ര വലിയ അഴിമതി നടത്തിയാലും പ്രശ്നമല്ല. ഈ ഉദ്യോഗസ്ഥ ശൃംഖലയായിരുന്നു കരുണാകരന്റെ ശക്തി. നെടുമ്പാശ്ശേരി വിഷയത്തിൽ കരുണാകരൻ ചുമതലയേൽപ്പിച്ച വ്യക്തി എല്ലാ അർത്ഥത്തിലും ലീഡർക്ക് ചേർന്നയാളായിരുന്നു. ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന മന്ദബുദ്ധിക്കുട്ടിയെ ആട്ടിയോടിച്ചും ബുൾഡോസർ കൊണ്ട് വീടുതകർക്കാൻ ടിയാന് ഒരു മാനസിക വിഷമവുമുണ്ടായില്ല. അടിയന്തിരാവസ്ഥയിലെ നരനായാട്ട് കരുണാകരനെ ഒട്ടും വേദനിപ്പിച്ചിട്ടില്ലല്ലോ. ഇതാണദ്ദേഹത്തിന്റെ സ്റ്റൈൽ. കരുണാകരന്റെ ഇരകൾ ഇപ്പോഴും ഗതികിട്ടാതെ അലയുന്നു. അതേ നയങ്ങൾ തന്നെ മൂലമ്പിള്ളിയിലും ആവർത്തിച്ചു. കരുണാകരൻ ഏറെ ഭേദമെന്നു തോന്നിക്കുന്ന വിധത്തിലാണ് ഇക്കാലത്തെ എല്ലാ ഭരണകർത്താക്കളും പെരുമാറുന്നതെന്ന വസ്തുതയും നമ്മളോർക്കുക. മൂലമ്പിള്ളിയും കിനാലൂരും, നന്ദിഗ്രാമും ഇതാണ് നമ്മോടു പറയുന്നത്.